# നീലഗിരി മാർട്ടെൻ

എൻ.എ. നസീർ

*ഫെബ്രുവരി ലക്കം തുടർച്ച...*

ഇപ്പോൾ വളരെ ചെറിയ ഒരു നീർച്ചാലിനത്തിലൂടെയാണ് നടത്തം. ഇരുവശവും ഷോലകാടുകൾ, അതിനപ്പുറം അല്പം ഉയർന്ന പുൽമേടുകൾ...

ഒരു മണിക്കൂർ നടന്നു കാണും. ഞാൻ നടക്കുന്നതിന് ഇടതുവശത്തായി വൃക്ഷത്തിൽനിന്നും കേൾക്കാത്ത ഒരു ശബ്ദം. 'കക്ക്.... കക്ക്..... കക്ക്..... കക്ക്.....'

ഏതായിരിക്കും ഈ പുതിയ പക്ഷി എന്നു വിചാരിച്ച് ഞാൻ നോക്കി. രണ്ട് മലയണ്ണാനുകൾ...

അല്ല.... നീലഗിരി മാർട്ടെൻ!! ഞാനും കണ്ണനും ഒരുമിച്ചു പറഞ്ഞു.

തമിഴ്നാട്ടുകാർ മറനായ് എന്നും, ആദിവാസികളായ മുതുവാന്മാർ 'തേനിളിഞ്ചാൻ എന്നും ഇതിനെ വിളിക്കുന്നു. നീർനായയുടെ ഒക്കെ കുടുംബത്തിൽപ്പെട്ടതാണ്. പക്ഷെ ഇന്നേ വരെ ഇവയുടെ പൂർണ്ണതയാർന്ന ഒരു ചിത്രം കണ്ടിട്ടില്ല. 'ഫീൽഡ് ഗൈഡ് റ്റു ഇൻഡ്യൻ മമ്മൽസ്' എന്ന പുസ്തകത്തിൽ ഇതിന്റെ തലയുടെ ഭാഗം മാത്രം കാണുന്ന ഒരു അവ്യക്തമാർന്ന ചിത്രമാണ് ആകെ പ്രസിദ്ധീകരിച്ചുവന്നിട്ടുള്ളത്. എങ്കിലും ആ ഒറ്റ ചിത്രമാണ് ഇതിനെ തിരിച്ചറിയുവാനായിട്ട് ഉണ്ടായിരുന്നു ഇതുവരെ.

അവ ഞങ്ങളെ കണ്ടിട്ട് ഭയന്നോടിയില്ല! എന്നൊ അത്ഭുതത്തോടെ ഞങ്ങളെ നോക്കുകയും ഉയരത്തിലേക്ക് കയറ്റുകയും പിന്നീട് താഴേക്ക് തിരിച്ചു വരികയും ചെയ്തുകൊണ്ടിരുന്നു (പോകുവാനുള്ള ശരിയായ ദിശ അറിയാത്ത പോലെ പെരുമാറ്റം) ഇടക്കിടെ ഞങ്ങളെ നോക്കും, പിന്നെ മുകളിലേക്ക് കയറും, വീണ്ടും ഞങ്ങളെ നോക്കും. എന്റെ തലക്കു നേരെ മുകളിലായതുകൊണ്ട് നല്ല രീതിയിലുള്ള ഒരു ചിത്രം എടുക്കുവാനാകുന്നില്ല. പിന്നെ പ്രകാശത്തിന്റെ അഭാവവും. അരുവിയുടെ മറുവശം നില്ക്കുന്ന മറ്റൊരു വൃക്ഷത്തിന്റെ ശാഖയിലേക്ക് കടുക്കുവാനായി അവ ഒത്തിരി സമയം എടുത്തു ഏകദേശം നാല് അടി ദൂരമെ കാണുകയുള്ളൂ. (മലയണ്ണാനുകൾ ആയിരുന്നെങ്കിൽ വളരെ വേഗതയോടെ ചാടികടന്നു പോയേനെ.)

ഇവ മറ്റേ വൃക്ഷത്തിലേക്കു കടന്നു പോകുമ്പോഴേക്കും ഞാൻ തോട് കടന്ന് മറുവശം എത്തിയിരുന്നു. പിന്നെ അവയെ നോക്കിയില്ല. മറുപുറം കയറ്റമാണ്. വൃക്ഷങ്ങൾക്കിടയിലൂടെ ഞാനത് ഓടിക്കയറി. ആ ചോലക്കാട് പുൽമേട്ടിലാണ് അവസാനിക്കുന്നത്. ഞാൻ അവിടെ എത്തി, തിരിഞ്ഞു പിന്നിലെ വൃക്ഷങ്ങളിലേക്ക് നോക്കി. ഇപ്പോൾ വൃക്ഷങ്ങളുടെ ഉയരവുമായി ഞാൻ നില്ക്കുന്ന സ്ഥലം ഒരുപോലെ ഉയർന്നതാണ്. എന്റെ പിന്നിൽനിന്നും സൂര്യപ്രകാശം വൃക്ഷങ്ങളിലേക്ക് വീണുകൊണ്ടിരിക്കുന്നു.

'അതാ.... എന്നെയും നോക്കി ഒരു നീലഗിരി മാർട്ടെൻ.' അതു സൂര്യപ്രകാശം പാളി വീഴുന്ന ഒരു ശിഖരത്തിൽ ഇരുപ്പുറപ്പിച്ച്, മുൻകാലുകളും കഴുത്തും താഴേക്ക് തൂക്കിയിട്ട് എന്നെ നോക്കികൊണ്ടിരിക്കുന്നു. കൂടെ ഉണ്ടായിരുന്നതിനെ കാണുന്നില്ല. ഇത് ഇടക്കിടെ കഴുത്ത് ആട്ടിക്കൊണ്ടിരുന്നു. അതെനിക്ക് പോസു ചെയ്യുന്ന പോലെ ഇടക്കിടെ തലയും കഴുത്തും ആ ശിഖരത്തിൽ ഉരച്ചും കഴുത്തിനിടയിലെ സ്വർണ്ണനിറം കാട്ടിയും എന്റെ ക്യാമറയിലേക്ക് വന്നു. അപ്പോഴേക്കും കണ്ണൻ എന്റെ ക്യാമറ ബാഗുമായി എത്തി കഴിഞ്ഞിരുന്നു. ഞങ്ങൾ തറയിൽ കിടന്നുകൊണ്ട് അതിനെ നിരീക്ഷിച്ചു. അതിന്റെ കൈവിരലുകൾക്ക് ഏറെ നുഖങ്ങളും പ്രത്യേകതകളും കണ്ടു. ശരീരത്തിന്റെ നിറം ബ്രൗൺ കലർന്ന കറുപ്പായിരുന്നു. വയർഭാഗത്ത് ബ്രൗൺ നിറം അല്പം കൂടിയും കണ്ടു. മലയണ്ണാനേക്കാൾ നീളമേറിയ വാലും കൈകാലുകളും നീണ്ട കഴുത്തും.

പെട്ടെന്നത് വൃക്ഷത്തിന്റെ മറുവശത്തെ ഇലകൾക്കിടയിലേക്ക് പോയി. ഞങ്ങൾ പിൻവശത്തു ചെന്നപ്പോൾ അതിനെ കാണുവാനായില്ല. പിന്നീട് രണ്ട് മണിക്കൂറോളം അവിടെ മുഴുക്കെ തിരഞ്ഞിട്ടും അതിനെ കാണുവാനാകാതെ ഞങ്ങൾ മടങ്ങി.

തിരിച്ച് ജലീലും രമേശും നിന്ന സ്ഥലത്തെത്തിയപ്പോൾ അവർ മറു രണ്ടെണ്ണത്തെക്കൂടി കണ്ടകാര്യം പറഞ്ഞു. അവ തറയിലൂടെ വന്നിട്ട് എതിർഭാഗത്തെ ചോലയിലേക്ക് പോയത്രെ. അതിലൊന്ന് പിൻകാലുകളിൽ ഉയർന്നുനിന്ന് അവരെ നോക്കിയിരുന്നു. വീണ്ടും ആഭാഗങ്ങളിൽ ഒന്നുകൂടി പരതിയിട്ട് ഞങ്ങൾ തിരിച്ചു നടന്നു.

കണ്ണൻ മതിനുമുമ്പും നല്ലെണ്ണത്തെ ഒരിക്കൽ കണ്ടിട്ടുണ്ട്. ഒരു കൂരമാനെ ഇവ തിന്നുന്നത്.

നീലഗിരി മാർട്ടനെകുറിച്ച് കാര്യമായ ഒരു പഠനങ്ങളും ഇതുവരെ ഉണ്ടാകാതിരുന്നത് ഇവയെ കണ്ടെത്തുക എന്ന ബുദ്ധിമുട്ടു കൊണ്ടായിരിക്കാം.

---

പഠനവിധേയമാക്കണമെന്നും റിപ്പോർട്ട് നിഷ്കർഷിക്കുന്നു.

കേന്ദ്രീകൃതമായ എല്ലാ മാലിന്യസംസ്കരണമാർഗ്ഗങ്ങളേയും വർക്കിംഗ് ഗ്രൂപ്പ് നിരസിക്കുന്നു. പകരം മാലിന്യ-ഉല്പാദനം ഏറ്റവും കുറയ്ക്കുന്ന, പ്രാദേശികമായിത്തന്നെ സംസ്കരണവും നടത്തുന്ന മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു. ഇലക്ട്രോണിക് മാലിന്യ ഉല്പാദനം പഠനവിധേയമാക്കണമെന്നും അതിന്റെ നിയന്ത്രണത്തിനായി നയവും നിയമങ്ങളും രൂപീകരിക്കണമെന്നും ശുപാർശ ചെയ്യുന്നു.

പദ്ധതി വിഹിതമായി 56.05 കോടി രൂപ എന്നുള്ള ശുപാർശയുടെ അടിസ്ഥാനത്തെക്കുറിച്ചു ചോദിച്ചപ്പോൾ വർക്കിങ്ങ് ഗ്രൂപ്പിന്റെ ഉപാധ്യക്ഷൻ ഇങ്ങനെ പ്രതികരിച്ചു: "മുന്നോട്ടു വെച്ചിരിക്കുന്ന പദ്ധതികൾ പഠിച്ച് വിശദാംശങ്ങൾ വിലയിരുത്തി അവ നടപ്പിൽ വരുത്താൻ തങ്ങളുടെ വിദഗ്ധന്മാരെ പ്ലാനിങ്ങ് ബോർഡ് ചുമതലപ്പെടുത്തുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. സൈദ്ധാന്തികമായ ആസൂത്രണത്തിനല്ല, ജനപങ്കാളിത്തത്തോടെയുള്ള പ്രായോഗിക നടപടികൾക്കാണ് വർക്കിങ്ങ് ഗ്രൂപ്പ് ഊന്നൽ നൽകിയത്. അതുകൊണ്ടുതന്നെ ഈ റിപ്പോർട്ടിലെ ശുപാർശകളുടെ സത്ത അംഗീകരിക്കപ്പെടണമെന്നതിനാണ് പ്രാധാന്യം.'

പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നവരിൽനിന്ന് പരിഹാരത്തിനുള്ള പണം ഈടാക്കണമെന്ന വ്യവസ്ഥ കേരളത്തിൽ എത്രമാത്രം പ്രായോഗികമാകും എന്ന് ചോദ്യത്തിന് രാഷ്ട്രീയ ഇച്ഛാശക്തിയുണ്ടെങ്കിലേ ഞങ്ങളുടെ ശുപാർശകൾ യാഥാർത്ഥ്യമാകു എന്നാണ് വർക്കിംഗ് ഗ്രൂപ്പ് അദ്ധ്യക്ഷൻ പ്രൊഫ. എം.കെ. പ്രസാദ് പ്രതികരിച്ചത്.

*'കസ്റ്റ്', സി.കെ. ലെയിൻ, എസ്.ആർ.എം.*
*റോഡ്, കൊച്ചി–18*